# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ജൂൺ 16

## വാർത്താക്കുറിപ്പ്

---

### എം.ജി: പഠന വകുപ്പുകളിലെ പ്രവേശനം -അപേക്ഷ 29 വരെ

മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിലെ വിവിധ വകുപ്പുകളിലും ഇൻ്റർ സ്കൂൾ സെൻ്ററിലും നടത്തുന്ന എം.എ, എം.എസ്.സി, എം.റ്റി.റ്റി.എം., എൽ.എൽ. എം, മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻ്റ് സ്പോർട്സ്, എം.എഡ്, എം.ടെക്, ബി.ബി.എ എൽ.എൽ.ബി, എന്നീ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അപേക്ഷ www.cat.mgu.ac.in എന്ന വെബ് സൈറ്റ് മുഖേന ജൂൺ 29 വരെ സമർപ്പിക്കാം. ഒബ്ജക്ടിവ് മാതൃകയിലുള്ള എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. എന്നാൽ ചില കോഴ്സുകൾക്ക് ഇതോടൊപ്പം വിവരണാത്മക പരീക്ഷ / ഗ്രൂപ്പ് ഡിസ്കഷൻ/ഇൻ്റർവ്യൂ എന്നിവയും അർഹതാ മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരമുള്ള കോഴ്സുകൾക്ക് എൻട്രൻസ് പരീക്ഷയോടൊപ്പം ഇത്തരത്തിൽ ലഭിക്കുന്ന മാർക്ക് കൂടി ചേർത്തായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുക. എം.ടെക് പ്രവേശനത്തിന് അംഗീകൃത GATE സ്കോർ ഉള്ളവർക്ക് മുൻഗണന ലഭിക്കും. എൻട്രൻസ് പരീക്ഷാ തിയതി പിന്നീട് അറിയിക്കും.

തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടാകും. അപേക്ഷാ ഫീസ് ജനറൽ വിഭാഗക്കാർക്ക് 1100 രൂപയും എസ്. സി - എസ്. ടി വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് 550 രൂപയുമാണ്. ഒരേ അപേക്ഷയിൽത്തന്നെ നാല് പ്രോഗ്രാമുകൾക്ക് പ്രവേശനം തേടാം. ഒരു പഠന വകുപ്പിന് കീഴിലുള്ള വ്യത്യസ്ത പ്രോഗ്രാമുകളിലേക്ക് (ക്ലസ്റ്റർ ആയി പരിഗണിക്കുന്ന പ്രോഗ്രാമുകൾ ) ഒറ്റത്തവണ ഫീസ് അടച്ചാൽ മതിയാകും. വിവിധ പഠന വകുപ്പുകൾക്ക് കീഴിലുള്ള വ്യത്യസ്ത കോഴ്സുകളിൽ പ്രവേശനത്തിന് പ്രത്യേകം ഫീസ് അടയ്ക്കണം. പ്രവേശനത്തിനുള്ള യോഗ്യത, സീറ്റുകളുടെ എണ്ണം, കോഴ്സ് ഫീസ് തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ 0481- 27335 95, 9188661784 എന്നീ ഫോൺ നമ്പറുകളിലും cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ലഭിക്കും. യോഗ്യതാ പരീക്ഷയുടെ അവസാന വർഷ/ സെമസ്റ്റർ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം.

(പി.ആർ.ഒ/39/530/2021)

### പരീക്ഷഫലം

2020 നവംബറിൽ നടന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. (2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെയും 2020 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. പരീക്ഷയുടേയും (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 29 വരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/531/2021)

2020 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 30 വരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ/39/532/2021)

2021 ജനുവരിയിൽ നടന്ന ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെയും 2021 ഫെബ്രുവരിയിൽ നടന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (സിൽറ്റ്) പരീക്ഷയുടെയും ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ഒന്നുവരെ നേരിട്ടോ dr7exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/533/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ